(ബി) ഉണ്ട്.

(സി) സ്പെഷ്യൽ റൂൾ പ്രകാരം 15-5-1993-ന് മുമ്പ് നിയമിക്കപ്പെട്ട വാർഡൻമാർ എൽഡിക്ലാർക്കുമാരുടെ ലിസ്റ്റിൽ നിന്നും നിയമിക്കപ്പെട്ടവരല്ലാത്തതിനാൽ അവർക്ക് ക്ലാർക്കുമാരായി തസ്തിക മാറ്റം അനുവദിക്കാൻ നിർവ്വാഹമില്ല.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

പട്ടികവർഗ്ഗ ജനസംഖ്യാ കണക്കുകൾ

21 (184) ശ്രീ. എ. കണാരൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-ലെ സെൻസസ് പ്രകാരം കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ എത്രയാണ്;

(ബി) ജാതി, ഉപജാതി തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) 1981-ലെ ജനസംഖ്യയിൽ നിന്നും 1991-ലെ ജനസംഖ്യയിലെ കണക്കും തമ്മിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദീകരിക്കുമോ;

(ഡി) കേരളത്തിൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ കേന്ദ്രീകരിച്ച് അധിവസിക്കുന്ന പ്രദേശങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ഇ) ആകെ പട്ടികവർഗ്ഗ ജനസംഖ്യയുടെ എത്ര ശതമാനം വയനാട്, ഇടുക്കി പ്രദേശങ്ങളിൽ അധിവസിക്കുന്നുയെന്ന് വിശദമാക്കാമോ;

(എഫ്) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സാക്ഷരതാ ശതമാന നിരക്ക് എത്രയാണ്; ഇത് സ്ത്രീ-പുരുഷ വിഭാഗങ്ങളിൽ ഓരോന്നിലും എത്രയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 3,20,967.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.[1]

(സി) ഉണ്ട്. 22% വർദ്ധന 10 വർഷത്തിനുള്ളിൽ ഉണ്ടായിട്ടുണ്ട്.

(ഡി) വയനാട്, ഇടുക്കി, പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശങ്ങൾ

(ഇ) 51.48%.

(എഫ്) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സാക്ഷരതാ ശതമാനം 57.22 ആണ്.

പുരുഷൻമാർ	-	63 ശതമാനവും
സ്ത്രീകൾ	-	51.07 ശതമാനവും സാക്ഷരരാണ്.

[1]അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

5. പ്രത്യേക സീറ്റ് സംവരണം ഇല്ലാത്തതുകൊണ്ടും ഓപ്പൺ ടെസ്റ്റിൽ മൽസരിച്ച് ജയിക്കാൻ കഴിയാത്തതുകൊണ്ടും ഇവരുടെ കുട്ടികൾക്ക് മെഡിസിൻ/എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നില്ല എന്നതിനാൽ ഈ വിഭാഗങ്ങൾക്കുകൂടി സംവരണത്തിന്റെ ആനുകൂല്യം ലഭ്യമാക്കാൻ ആവശ്യ നടപടി സർക്കാർ സ്വീകരിക്കുക.

6. മൺപാത്ര നിർമ്മാണ തൊഴിലിൽ (പോട്ടറി വർക്സ്) താല്പര്യമുള്ള കുശവ സമുദായാംഗങ്ങൾക്ക് അവരുടെ വിദ്യാഭ്യാസയോഗ്യതയനുസരിച്ച് വിദഗ്ദ്ധ തൊഴിൽ പരിശീലനം കിട്ടുവാൻ വേണ്ടി കാൺപൂർ പോട്ടറി ഇൻസ്റ്റിറ്റ്യൂട്ട് (കർണാടക) നെയ്വേലി സിറാമിക്സ് (തമിഴ്നാട്) കൽക്കട്ട സിറാമിക്സ് ഇൻസ്റ്റിറ്റ്യൂട്ട് (പശ്ചിമ ബംഗാൾ) ഐ.ഐ.ടി (സിറാമിക്സ് ടെക്നോളജി) ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി (യുപി.) എന്നീ സ്ഥാപനങ്ങളിൽ പ്രത്യേകം സീറ്റു സംവരണത്തിനും സർക്കാർ സഹായത്തോടുകൂടി കോഴ്സുകൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുക.

അനുബന്ധം -VII

[22-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 21 (184) ന്റെ 'ബി' ഉത്തരം ദയവായി കാണുക]

പട്ടികവർഗ്ഗക്കാരുടെ ജാതി തിരിച്ചുള്ള കണക്ക്

ജാതിയുടെ പേര്	1981-ലെ കണക്ക്	1991-ലെ കണക്ക് (xx)
(1)	(2)	(3)
1. അടിയൻ	8152	10208
2. അരനാടൻ	95	119
3. ഇരവാലൻ	2071	2593
4. ഹിൽപുലയൻ	3092	3872
5. ഇരുളൻ, ഇരുളർ	18698	23415
6. കാടർ	1503	1882
7. കമ്മാറ	83	104
8. കാണിക്കാൻ	13724	17156

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
9. കാട്ടുനായിക്കൻ	8803	11024
10. കൊച്ചുവേലൻ	10	13
11. കൊണ്ടകപൂസ്	11	14
12. കൊണ്ടറെഡ്ഡി	1064	1332
13. കൊറഗ	1098	1375
14. കൊട	41	51
15. കുടിയ, മേലക്കുടി	597	748
16. കുറിച്ചിയൻ	22215	27819
17. കുറുമൻ	20741	25973
18. കുറുമ്പൻ	1283	1607
19. മഹാമലസർ	9	11
20. മലഅരയൻ	24,499	30,679
21. മലപ്പണ്ടാരം	2122	2657
22. മലവേടൻ	2435	3049
23. മലക്കുറവൻ	254	318
24. മലസർ	2967	1211
25. മലയൻ	2394	2998
26. മലയരയർ	2746	3439
27. മന്നാൻ	5813	7279
28. മറാട്ടി	22195	27294
29. മുതുവാൻ മുഡുഗർ, മുഡുവൻ	11213	14042
30. പളൈയൻ	30	38
31. പള്ളിയൻ	793	993
32. പള്ളിയാർ	420	526
33. പണിയൻ	56952	71319
34. ഉള്ളാടൻ	12687	15887
35. ഊരാളി	9032	11310
പ്രത്യേകമായി തിരിച്ചിട്ടില്ലാത്തത് - 3,633		4549

(XX) 1991-ലെ കാനേഷുമാരി കണക്കിൽ ജാതി തിരിച്ചുള്ള ജനസംഖ്യാ കണക്ക് ലഭ്യമല്ലാത്തതിനാൽ 1981-ലെ കണക്ക് പ്രകാരമുള്ള ആനുപാതിക വർദ്ധനവാണ് കാണിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly